# പ്രണാമം ഗുരോ!

കൂട്ടിക്കൊണ്ടു പോവാനുള്ള ആൾ വൈകിയതുകൊണ്ട് സമ്മേളനസ്ഥലത്ത് എത്തിയപ്പോഴേയ്ക്കും സ്വാഗതം തുടങ്ങിയിരുന്നു. ഹാളിൽ തിങ്ങിനിറഞ്ഞ ആളുകളെ വകഞ്ഞു മാറ്റിക്കൊണ്ടാണ് വേദിയിലേയ്ക്ക് എത്തിച്ചത്. വേദിയുടെ മുൻനിരയിൽ അതിഥികൾ നിരന്നു കഴിഞ്ഞിരിയ്ക്കുന്നു. വലത്തെ അറ്റത്തെ കസേര ഒഴിഞ്ഞുകിടക്കുന്നുണ്ട്. ആതിഥേയർ തിടുക്കത്തിൽ അവിടെ പിടിച്ചിരുത്തി.

വേദിയുടെ മുൻനിരയിൽ നിരവധി ചെരാതുകൾ തെളിയിച്ചു വെച്ചിട്ടുണ്ട്. അതിന്റെ പിന്നിൽ ദീർഘചതുരത്തിലുള്ള വെള്ളിക്കിണ്ണങ്ങൾ. ഓരോ കിണ്ണത്തിന്റെ ചാരത്തും വെള്ളം നിറച്ച ഓരോ ഓട്ടുകിണ്ടി. കിണ്ടിയുടെ അടുത്ത് ഒരിലക്കീറിൽ ജണ്ടുമല്ലിപ്പൂക്കളുടെ ഊരിയെടുത്ത ഇതളുകൾ. വെള്ളിക്കിണ്ണത്തിന്റെ ഇടത്തെ വശത്ത് മഞ്ഞയും ചുവപ്പും നിറത്തിൽ ചിത്രങ്ങളുള്ള കോടിത്തുണിക്കഷണം നാലായി മടക്കിവെച്ചിരിയ്ക്കുന്നു. എവിടെയാണ് എത്തിപ്പെട്ടിരിയ്ക്കുന്നതെന്ന് അറിയാതെ അൽപം അന്ധാളിച്ചു.

ശംഖനാദം മുഴങ്ങി. വേദിയിലേയ്ക്ക് വരിവരിയായി പാവാടയും ബ്ലൗസുമണിഞ്ഞ പന്ത്രണ്ടു പെൺകുട്ടികൾ കയറിവന്നു. ഗുരുപൂജയാണ് ഇനി നടക്കാൻ പോവുന്നതെന്ന് ഉച്ചഭാഷിണിയിലൂടെ അറിയിപ്പ്. തുടർന്ന് ഇടയ്ക്കയുമായി ഒരാൾ മൈക്കിനടുത്തേയ്ക്ക്. അഷ്ടപദി ആലാപനം. വേദിയിലെത്തിയ പെൺകുട്ടികൾ ഓരോ അതിഥിയ്ക്കു മുന്നിലും മുട്ടുകുത്തിയിരുന്നു. എല്ലാവരും ഓട്ടുകിണ്ടി കയ്യിലെടുത്തു. അതിഥികളോട് വെള്ളിക്കിണ്ണത്തിൽ കാലു വെയ്ക്കാൻ പറഞ്ഞു. കിണ്ടിയിൽനിന്ന് വെള്ളം ഒഴിച്ച് കാലു കഴുകിയ്ക്കുകയാണ് അടുത്ത നിമിഷം. നനഞ്ഞ കാലടി കോടിത്തുണിയെടുത്ത് തുടയ്ക്കുകയായി പിന്നെ. ഇലക്കീറിൽനിന്ന് ജണ്ടുമല്ലിപ്പൂക്കളുടെ ഇതളുകൾ അർച്ചിയ്ക്കുകയാണ് അടുത്ത പടി. അഷ്ടപദി ആലാപനം അത്യുച്ചത്തിൽ മുഴങ്ങിക്കൊണ്ടിരിയ്ക്കുന്നുണ്ട്.

എന്നോടു തന്നെ ഇത്രയും അവജ്ഞ തോന്നിയ ഒരു നിമിഷം ജീവിതത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. മുന്നിലിരിയ്ക്കുന്ന പെൺകുട്ടിയുടെ മുഖത്തേയ്ക്ക് നോക്കിയില്ല. ആ മുഖം ഇനി ഒരിയ്ക്കൽ കണ്ടാൽ തിരിച്ചറിയരുതേ എന്നു പ്രാർത്ഥിച്ച് കണ്ണടച്ചിരുന്നു.

സ്കൂൾ തുറക്കുന്നതിന്റെ തലേന്ന്, മേയ് 31ന്, കുട്ടികൾക്ക് നോട്ടുപുസ്തകങ്ങളും പേനയും സൗജന്യമായി വിതരണം ചെയ്യുന്ന ചടങ്ങിന്റെ തുടക്കമായിരുന്നു അത്. അങ്ങനെ ഒരു ചടങ്ങു നടത്താൻ പോവുന്നുണ്ടെന്നും അതിൽ സംബന്ധിയ്ക്കണമെന്നും ആവശ്യപ്പെട്ട് നാട്ടിൽനിന്നുള്ള കുറച്ചു പേർ വീട്ടിൽ വന്നിരുന്നു. നല്ല കാര്യമാണല്ലോ എന്നു കരുതി സന്തോഷത്തോടെ സമ്മതിച്ചു. നോട്ടീസ് കൊണ്ടുവന്നുതന്നപ്പോഴാണ് അതിൽ ആദരിയ്ക്കാൻ തിരഞ്ഞെടുത്ത ഏതാനും ചിലരുടെ കൂടെയാണ് പേരെന്ന് മനസ്സിലായത്. പോണോ വേണ്ടേ എന്ന് അതോടെ സംശയം തുടങ്ങി. ആദരങ്ങൾ ഏറ്റുവാങ്ങുന്നതിൽപ്പരം മുഷിപ്പൻ പരിപാടി വേറെയില്ല. പിന്നെ ഏറ്റതാണല്ലോ എന്നു വെച്ച് പോവാൻ തീരുമാനിച്ചു. കൂട്ടിക്കൊണ്ടു പോവാനുള്ള ആൾ വൈകുന്തോറും ചടങ്ങിൽ നിന്ന് രക്ഷപ്പെട്ടുവല്ലോ എന്ന് സന്തോഷിയ്ക്കുകയായിരുന്നു. എല്ലാം പിഴച്ചുപോയി.

അഷ്ടപദി ആലാപനം അവസാനിച്ചു. പെൺകുട്ടികൾ എഴുന്നേറ്റ് വേദിയിൽനിന്ന് സാവധാനം ഇറങ്ങിപ്പോയി. ചതുരക്കിണ്ണങ്ങളും ഓട്ടുകിണ്ടികളും വേദിയിൽനിന്ന് നീക്കം ചെയ്യപ്പെട്ടു. സ്വാഗതക്കാരൻ ഉച്ചഭാഷിണിയുടെ അടുത്തെത്തി.

അപ്പോഴാണ് സദസ്സ് ശ്രദ്ധയിൽപ്പെടുന്നത്. ഹാളിൽ ഇരിയ്ക്കാനുള്ള കസേരകൾ മതിയാവാതെ ആളുകൾ നിൽക്കുകയാണ്. അച്ഛനമ്മമാരും അതിലേറെ കുട്ടികളുമുണ്ട്.പുസ്തകങ്ങളും പേനയും സൗജന്യമായി കൈപ്പറ്റാൻ എത്തിയവരാണ്.

കാലുകൾ വെള്ളിക്കിണ്ണത്തിൽനിന്ന് മുക്തമായിരുന്നെങ്കിലും മനസ്സ് മരവിപ്പിൽനിന്ന് മുക്തി നേടിയിരുന്നില്ല. ആദരത്തിന് ഇരുന്നുകൊടുത്തതിന് ഒരു ന്യായീകരണവും ഇല്ല. കാലു തൊട്ടു വന്ദിയ്ക്കുന്നതിൽനിന്ന് ഇത്രയും കാലം കുട്ടികളെ വിലക്കിയിരുന്നതാണ്. വേദിയിലേയ്ക്ക് വൈകിയെത്തിയതിന്റെ പരിഭ്രമമായിരുന്നോ? വെള്ളിത്തളികതള്ളിമാറ്റി ഇതിന് എന്നെ കിട്ടില്ല എന്ന പ്രഖ്യാപനത്തോടെ വേദി വിടുകയായിരുന്നു വേണ്ടിയിരുന്നത്. പക്ഷേ അത്തരം ഒരു നാടകം എന്തായാലും എനിയ്ക്ക് പറഞ്ഞിട്ടുള്ളതല്ല. അതൊന്നും കൂടാതെ നിശ്ശബ്ദനായി എഴുന്നേറ്റ് രണ്ടാം നിരയിൽ ചെന്നിരുന്നാൽ മതിയായിരുന്നു. പക്ഷേ എന്തെങ്കിലും ആലോചിയ്ക്കാനോ പ്രവർത്തിയ്ക്കാനോ ഉള്ള സാവകാശം കിട്ടുന്നതിനു മുമ്പ് എല്ലാം നടന്നു കഴിഞ്ഞിരുന്നു.

ചടങ്ങുകളുടെ തുടക്കമായി. ആദരപ്പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ലെങ്കിലും കാലു കഴുകിക്കിട്ടാൻ തനിയ്ക്കുണ്ടായ ഭാഗ്യത്തിൽ പുളകം കൊള്ളുകയാണ് ഉച്ചഭാഷിണിയിലൂടെ ഉദ്ഘാടകൻ. ഗുരുക്കന്മാരെ ആദരിയ്ക്കുന്നതിന്റെ പ്രാധാന്യത്തേപ്പറ്റി പിന്നീട് അദ്ധ്യക്ഷനും വാചാലനായി.

പൊരുത്തപ്പെടാനാവുന്നില്ല. ഇതാണോ ആദരിയ്ക്കേണ്ടതിന്റെ രീതി? ഇതാണോ ആർഷഭാരതസംസ്കാരം? കാൽ കഴുകാൻ നിയോഗിയ്ക്കപ്പെട്ടവർ എല്ലാവരും പെൺകുട്ടികളായിരുന്നു. ഇത്തരം നാണം കെട്ട പ്രവൃത്തിയ്ക്ക് പെൺകുട്ടികൾ തന്നെ വേണമെന്ന് തീരുമാനിച്ചതിന്റെ പിന്നിലെ വികാരം എന്തായിരിയ്ക്കാം? എന്റെ കാൽ കഴുകിയ കുട്ടി സദസ്സിലെവിടെയോ ഇരിപ്പുണ്ടാവും. ആ കുട്ടി എന്നെ ആദ്യമായി കാണുകയാവണം. തികച്ചും അജ്ഞാതനായ ഒരുവന്റെ, താൻ തരിമ്പും ബഹുമാനിയ്ക്കാത്ത ഒരുവന്റെ കാലു കഴുകേണ്ടി വന്നതിന്റെ ആത്മനിന്ദയിലാവണം ആ കുട്ടി.

ഇപ്പോൾ സ്വയം ചോദിയ്ക്കുകയാണ്: ജീവിതത്തിൽ ആരുടെയെങ്കിലും കാലു കഴുകിക്കൊടുക്കണം എന്ന് ഇതുവരെ തോന്നിയിട്ടുണ്ടോ? ആരുടെയെങ്കിലും കാലിൽ പൂക്കളർച്ചിയ്ക്കണമെന്ന് ആശിച്ചിട്ടുണ്ടോ?

അതിന് ഗുരു എന്ന അർത്ഥത്തിൽ ആരോടെങ്കിലും ആദരം തോന്നിയിട്ടു വേണമല്ലോ. അല്ലെങ്കിൽ ആരാണ് ഗുരു? സ്കൂളിൽ പഠിപ്പിച്ചിട്ടുള്ള അദ്ധ്യാപകരെ ഓരോരുത്തരെയായി ഓർമ്മിച്ചു നോക്കി. രണ്ടാം തരത്തിലെ തുളസിട്ടീച്ചറെ മുതൽ പത്താം ക്ലാസ്സിലെ ദേവസ്സി മാഷെ വരെ. പ്രീഡിഗ്രിയ്ക്കു പഠിയ്ക്കുന്ന കാലത്തെയും ബിരുദപഠനക്കാലത്തെയും അദ്ധ്യാപകരെയും ഓർത്തുനോക്കി. ഇല്ല, കാലു കഴുകിത്തോർത്താൻ മാത്രമുള്ള ആരാധന ആരോടും തോന്നിയിട്ടില്ല.

നമ്മളെ പഠിപ്പിച്ചു എന്നതുകൊണ്ടു മാത്രം അദ്ധ്യാപകരെ ഇത്തരത്തിൽ ആദരിയ്ക്കേണ്ടതുണ്ടോ? അല്ലെങ്കിൽ ഗുരുക്കന്മാരെ എങ്ങനെയാണ് ആദരിയ്ക്കേണ്ടത്? സ്കൂളിൽ പഠിപ്പിച്ചിട്ടുള്ള ഒരദ്ധ്യാപകനെ തേക്കിൻകാടു മൈതാനത്തിൽ വെച്ചു കണ്ടപ്പോൾ മടക്കിച്ചുറ്റിയ മുണ്ട് അഴിയ്ക്കണമെന്ന് തോന്നാതിരുന്നതും മുന്നിലെത്തിയ അദ്ധ്യാപകൻ എന്റെ മുണ്ടിലേയ്ക്കു നോക്കി 'മുണ്ട്' എന്നു പിറുപിറുത്തതും ഓർമ്മ വരുന്നുണ്ട്. ഞാൻ മുണ്ടല്ല ചുറ്റിയിരുന്നതെങ്കിൽ എന്ത് അഴിച്ചിട്ടാണ് അദ്ദേഹത്തോടുള്ള ബഹുമാനം പ്രകടിപ്പിയ്ക്കുക എന്നാലോചിച്ച് പിന്നീട് ചിരി വന്നിട്ടുണ്ട്.

ഗുരു എന്ന അർത്ഥത്തിൽ പിന്നീട് ഒരാളെ കണ്ടെത്തിയത് ബോംബെയിൽ ജീവിച്ച കാലത്താണ്. നാദിർഷാ എന്ന പേരിൽ സിനിമാനിരൂപണങ്ങളെഴുതിയിരുന്ന ടി. എം. പി. നെടുങ്ങാടിയായിരുന്നു അത്. സി. ജെ. തോമസ്സിന്റെ '1128-ൽ ക്രൈം 27' എന്ന നാടകം അദ്ദേഹത്തിന്റെ സംവിധാനത്തിൽ അരങ്ങേറാനുള്ള ഒരുക്കത്തിലായിരുന്നു. നെടുങ്ങാടി മാഷടെ പ്രിയശിഷ്യനായിരുന്ന വേണു (ഡോ. എ. വേണുഗോപാലൻ) ആണ് എന്നെ അദ്ദേഹത്തിനു പരിചയപ്പെടുത്തിയത്. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പരമ്പരാഗതവായനക്കാരനായിരുന്ന എനിയ്ക്ക് അതിൽ എഴുതുന്ന എല്ലാവരും ആരാധനാപാത്രങ്ങളായിരുന്നു. അണുശക്തിനഗറിലെ ഒരു ഫ്ളാറ്റിൽ നടക്കുന്ന റിഹേഴ്സലിലേയ്ക്ക് എത്തിപ്പെട്ടപ്പോഴാണ് പറ്റെ വെട്ടിയ തലമുടിയും കൊമ്പൻ മീശയുമുള്ള ആ രൂപത്തെ നേരിട്ടു കാണുന്നത്. നാടകത്തിൽ ഇല്ലാത്ത, സി. ജെ. എഴുതിച്ചേർക്കാൻ വിട്ടുപോയത് എന്ന് നെടുങ്ങാടി മാഷ് പറഞ്ഞ കോർട്ട് ക്ലാർക്കിന്റെ വേഷമായിരുന്നു കിട്ടിയത്. ഉടനീളം ഒരിടത്തിരുന്ന് എഴുതുന്നതായി ഭാവിയ്ക്കുക! എന്റെ അഭിനയം അതായിരുന്നു. 'വീട്ടിലേയ്ക്കു വരൂ,' പരിചയപ്പെട്ടപ്പോൾ അദ്ദേഹം ക്ഷണിച്ചു. മാഷടെ വീട്ടിലേയ്ക്കുള്ള ഓരോ സന്ദർശനവും ഓരോ പഠനക്കളരിയായിരുന്നു. നെടുങ്ങാടി മാഷക്ക് അറിഞ്ഞുകൂടാത്തതായി ഒന്നുമുണ്ടായിരുന്നില്ല. അറിവില്ലായ്മ കൊണ്ട് പലപ്പോഴും ചൂളിപ്പോയിരുന്നു ഞാൻ. അത് ഒരു പോരായ്മ അല്ല എന്ന് പിന്നെയും പിന്നെയും പറഞ്ഞുറപ്പിച്ച് ആത്മവിശ്വാസം തന്നത് മാഷാണ്. ഭാരതീയ വിദ്യാഭവന്റെ ജേണലിസം കോഴ്സിനു ചേർന്നപ്പോൾ നെടുങ്ങാടി മാഷ് അക്ഷരാർത്ഥത്തിൽ അദ്ധ്യാപകനായി. ന്യൂസ് പേപ്പർ മാനേജ്മെന്റ് ആയിരുന്നു മാഷടെ വിഷയം. ബുധനാഴ്ചകളിലായിരുന്നു മാഷടെ ക്ലാസ്സ്. ക്ലാസ്സ് കഴിഞ്ഞ് മാഷടെ അംബാസഡർ കാറിൽ ഗുരുവും ശിഷ്യനും കൂടി മടക്കം. കാറോടിയ്ക്കുന്നതിനിടയിലുള്ള മാഷടെ വർത്തമാനം പഠനമുറിയിൽനിന്നു കിട്ടിയ ക്ലാസ്സുകളേക്കാൾ വിലപ്പെട്ടതായിരുന്നു. ആ രാത്രികൾ മറക്കാനാവില്ല. മാഹിം പള്ളിയിലെ ബുധനാഴ്ചത്തിരക്കിൽ മിക്കവാറും എല്ലാ യാത്രകളും ഗതാഗതക്കുരുക്കിൽപ്പെടും. ഈ യാത്ര എത്രയും നീണ്ടു പോവണേ എന്ന് പ്രാർത്ഥിച്ചിരുന്നു ഞാൻ.

നെടുങ്ങാടി മാഷ് ഞങ്ങളോട് ഒരു കൂട്ടുകാരനേപ്പോലെയാണ് പെരുമാറിയിരുന്നത്. അതുകൊണ്ടു തന്നെ ഗുരു എന്ന നിലയിൽ അളവറ്റ് ആദരിയ്ക്കുമ്പോഴും മാഷടെ അഭിപ്രായങ്ങളോട് വിയോജിയ്ക്കാനും തർക്കിയ്ക്കാനും ഞങ്ങൾക്ക് മടി തോന്നിയിട്ടില്ല. ഒപ്പമിരുന്ന് മദ്യപിയ്ക്കുന്നതു പോലും മാഷക്ക് സന്തോഷമായിരുന്നു.

ബോംബെ വിട്ടുപോരുക എന്നാൽ ആ ഗുരുവിനെ പിരിയുകകൂടിയായിരുന്നു. എന്നാലും നാട്ടിൽ വരുമ്പോഴൊക്കെ മാഷെ കാണാൻ സാധിച്ചിരുന്നു. അദ്ദേഹത്തെ മുടങ്ങാതെ കണ്ട് ബോംബേജീവിതക്കാലം പിന്നെയും പിന്നെയും വീണ്ടെടുത്തു.

പിന്നീട് വളരെക്കാലത്തെ ബോംബെ ജീവിതം മതിയാക്കി മാഷ് കോഴിക്കോട്ടുള്ള സ്വന്തം വീട്ടിൽ താമസമാക്കി. ബോംബെ വിട്ടുപോരുമ്പോൾ അദ്ദേഹത്തിന് എന്തു ഗുരുദക്ഷിണയാണ് കൊടുക്കേണ്ടത് എന്ന് ശിഷ്യന്മാർ കൂടിയാലോചിച്ചു. വേണുവിന് ഒരു സംശയവുമുണ്ടായിരുന്നില്ല. മാഷ് ഇതഃപര്യന്തം ഇംഗ്ലീഷിലും മലയാളത്തിലുമായി എഴുതിയ ലേഖനങ്ങളും കവിതകളും കഥകളും എവിടെയൊക്കെയോ ചിതറിക്കിടക്കുന്നുണ്ട്. അവ സമാഹരിയ്ക്കുക. ഇംഗ്ലീഷിലുള്ളവ ബോംബെയിൽനിന്നു തന്നെ ശേഖരിയ്ക്കാം. മലയാളത്തിലുള്ളത് ഇവിടെനിന്നു തപ്പിയെടുക്കണം. കേരളത്തിലേയ്ക്കു തിരിച്ചുവന്ന മാഷടെ ശിഷ്യരിൽ ഒരാളായ എന്നേത്തന്നെ വേണു ആ ദൗത്യം ഏൽപ്പിച്ചു. കേരള സാഹിത്യ അക്കാദമിയുടെ അപ്പൻ തമ്പുരാൻ സ്മാരകത്തിൽ കേരളത്തിലെ ആനുകാലികങ്ങളുടെ വലിയൊരു ശേഖരമുണ്ട്. അവിടെയിരുന്ന് അവ പരതാൻ തുടങ്ങിയപ്പോഴാണ് മാഷടെ സാഹിത്യത്തിന്റെ വൈപുല്യം കണ്ട് അമ്പരന്നത്. കഥയും കവിതയും ലേഖനവുമായി എത്രയെത്ര! ഒരെണ്ണം പോലും ഇതുവരെ പുസ്തകരൂപത്തിൽ ആയിട്ടില്ല! എല്ലാത്തിന്റേയും പകർപ്പെടുത്ത് വേണുവിന് അയച്ചുകൊടുത്തു. സമയത്തിന്റെ പരിമിതി കൊണ്ട് ആ ഉപഹാരത്തിൽ എല്ലാം ചേർക്കാനായില്ല.

സന്തതസഹചാരിയായ ഫൈലേറിയയും പിന്നീട് പാർക്കിൻസൺസ് രോഗവും കൊണ്ട് ഏറെ അവശനായിരുന്നു നെടുങ്ങാടി മാഷ്. ''കോഴിക്കോട്ടേയ്ക്കു വരുമ്പോൾ താമസിയ്ക്കാൻ തക്കവണ്ണം വേണം'' എന്ന് ഇടയ്ക്കിടെ ഓർമ്മപ്പെടുത്തിയിരുന്ന മാഷെ വളരെ വൈകിയാണ് കാണാൻ പോയത്. അപ്പോഴേയ്ക്കും മാഷക്ക് സംസാരിയ്ക്കാനുള്ള സ്വാധീനം പൊയ്പ്പോയിരുന്നു. മാഷടെ വാക്കുകൾ 'പരിഭാഷപ്പെടുത്തിയത്' മകൾ താമരയായിരുന്നു. മരിച്ചതിന്റെ പിറ്റേന്നേ അവിടെയെത്താൻ ആയുള്ളു. ഗുരുപത്നി സരസ്വതി നേത്യാരുമായി ഓർമ്മകൾ പങ്കുവെച്ച് ഗുരുവിനെ മനസാ പ്രണമിച്ചു.

ബോംബെയിൽ വെച്ച് ഉപഹാരമായി കൊടുത്ത മാഷടെ രചനകൾക്ക് ഒരു പൂർണ്ണരൂപം എന്ന ആശയം വേണു തന്നെയാണ് എടുത്തിട്ടത്. മാഷടെ ശിഷ്യന്മാർ ചേർന്ന് 'സിനിമ - കളിയും കാര്യവും' എന്ന ഒരു സമാഹാരം പുറത്തുകൊണ്ടുവരാൻ തീരുമാനിച്ചു. എം. ടി. വാസുദേവൻ നായർ അവതാരിക എഴുതിയ ആ പുസ്തകം പ്രകാശനം ചെയ്തത് അടൂർ ഗോപാലകൃഷ്ണനായിരുന്നു. പ്രകാശനത്തിന്റെ തലേന്ന് തൃശ്ശൂരിൽ മാഷടെ ശിഷ്യന്മാർ ഒത്തുചേർന്ന് ഒരു രാത്രി താമസിച്ചു. മാഷ് ജീവിച്ചിരിയ്ക്കുമ്പോൾ ചെയ്യേണ്ടത് മരണശേഷം ചെയ്യുന്നതിന്റെ സങ്കടം ഞങ്ങൾക്കെല്ലാവർക്കുമുണ്ടായിരുന്നു. അല്ലെങ്കിലും ഞങ്ങൾക്കാർക്കും പൂർണ്ണമായ അർത്ഥത്തിൽ സമർപ്പിയ്ക്കാവുന്നതായിരുന്നില്ലല്ലോ മാഷ് അർഹിയ്ക്കുന്ന തരത്തിൽ ഒരു ഗുരുദക്ഷിണ!

ഇവിടെയിരുന്ന് സങ്കൽപ്പിയ്ക്കുകയാണിപ്പോൾ. കസേരയിൽ ഇരിയ്ക്കുന്നത് നെടുങ്ങാടി മാഷ്. മാഷടെ കാൽച്ചുവട്ടിൽ ഒരു വെള്ളിത്താളിക. അരികെ വെള്ളം നിറച്ച ഒരോട്ടുകിണ്ടി. ഇലക്കീറിൽ ജണ്ടുമല്ലിപ്പൂക്കളുടെ ഇതളുകൾ. ശംഖനാദം മുഴങ്ങുമ്പോൾ മാഷടെ പാദം കഴുകി, കോടിത്തുണി കൊണ്ട് തോർത്തി, പൂക്കളർച്ചിയ്ക്കാൻ ആരെങ്കിലും എന്നോട് ആവശ്യപ്പെട്ടാൽ?

വയ്യ എന്നു പറയാൻ രണ്ടാമതൊന്ന് ആലോചിയ്ക്കേണ്ട എനിയ്ക്ക്. അതിനേക്കാൾ ഉറപ്പുണ്ട് മാഷ് അതിനു വേണ്ടി എന്റെ മുന്നിൽ കാലു നീട്ടിത്തരില്ല എന്ന്!

തേക്കിൻകാട്ടിൽ വെച്ചു കണ്ട ആ അദ്ധ്യാപകൻ പിന്നീട് ഒരിയ്ക്കൽ കണ്ടപ്പോൾ ഏറെ അസ്വസ്ഥനായിരുന്നു. ഏതോ അഭിമുഖത്തിൽ അദ്ദേഹത്തെ നിന്ദിച്ചു സംസാരിച്ചു എന്നു പറഞ്ഞ് എന്നോട് കടുത്ത അപ്രിയം കാണിച്ചു. അത് എന്നെ വല്ലാതെ സങ്കടപ്പെടുത്തി. ഗുരുവിനെ വന്ദിച്ചില്ലെങ്കിലും നിന്ദിയ്ക്കരുതല്ലോ. എന്താണ് സംഭവിച്ചതെന്ന് ഇപ്പോഴും അറിയില്ല. ഒരുപക്ഷേ മുണ്ടു താഴ്ത്തി ആദരിയ്ക്കാൻ മറന്നുപോയത് അദ്ദേഹ

ത്തിൽ വേദനയുടെ വിത്തുപാകിയിട്ടുണ്ടാവാം. പക്ഷേ അങ്ങനെയാണ് ഗുരുവിനെ ആദരിയ്ക്കേണ്ടത് എന്ന് എനിയ്ക്കിപ്പോഴും ബോദ്ധ്യമായിട്ടില്ല.

വേദിയിൽ ചടങ്ങുകൾ നടന്നുകൊണ്ടിരിയ്ക്കുകയാണ്. പൊന്നാടയും ഉപഹാരവും ഏറ്റുവാങ്ങി 'ഗുരുക്കന്മാർ' ഇരിപ്പിടത്തിലേയ്ക്കു മടങ്ങി. എന്റെ കാലിന്റെ മരവിപ്പ് ഇപ്പോഴും മാറിയിട്ടില്ല. ആത്മനിന്ദ എന്ന ഈ വേദന അത്ര പെട്ടെന്ന് വിട്ടുമാറില്ല.

കുട്ടികളേ, ഇനിയെങ്കിലും പൊതുവേദിയിലുള്ള ഇത്തരം ആഭാസങ്ങൾക്ക് നിങ്ങൾ വഴങ്ങാതിരിയ്ക്കുക. പരസ്യമായി കാലുകഴുകിക്കൊടുത്ത് പൂക്കളർച്ചിച്ചല്ല ഗുരുക്കന്മാരോടുള്ള ആദരം നിങ്ങൾ പ്രകടിപ്പിയ്ക്കേണ്ടത്. മടിക്കുത്തഴിച്ചിട്ട് ഓച്ഛാനിച്ചു നിന്നുകൊണ്ടുമല്ല. ദ്രോണാചാര്യന് തള്ളവിരൽ അറുത്തുകൊടുത്ത കഥ നിങ്ങൾ കേട്ടിട്ടുണ്ടാവുമല്ലോ. ഏകലവ്യനേപ്പോലെയാണോ ഗുരുവിനെ ആദരിയ്ക്കേണ്ടതെന്ന് നിങ്ങൾ തന്നെ ആലോചിയ്ക്കുക.

ഗുരു പറയുന്നത് അപ്പടി സ്വീകരിയ്ക്കേണ്ടതില്ല. തെറ്റെന്നു തോന്നുന്നതിനേക്കുറിച്ച് സംശയനിവൃത്തി വരുത്താം. അഭിപ്രായങ്ങളോട് വിയോജിയ്ക്കാം. ഈ ഗുരു തനിയ്ക്കു പറ്റിയതല്ല എന്നു തോന്നിയാൽ ആദരത്തോടെത്തന്നെ വേർപിരിയാം. അതൊക്കെയാണ് ശരിയ്ക്കുള്ള ഗുരുപ്രണാമം.

എല്ലാം ഉറക്കെ വിളിച്ചുപറയണമെന്നുണ്ടായിരുന്നു. നോട്ടുപുസ്തകവും പേനയും സ്വീകരിയ്ക്കുന്ന തിരക്കിൽ സദസ്സിൽ ആകെ ബഹളമായിരുന്നു. ഉച്ചഭാഷിണിയിലൂടെയുള്ള ഗുരുക്കന്മാരുടെ പ്രഭാഷണങ്ങളൊന്നും അവരുടെ കാതിൽ എത്തിയിരുന്നില്ല.

**(ദേശാഭിമാനി വാരിക, 28-06-2015)**